ബിവറേജസ് കോർപ്പറേഷൻ ഔട്ട്‌ലെറ്റുകൾ

116 (3748) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മദ്യനയത്തിലെ പ്രഖ്യാപന പ്രകാരം സംസ്ഥാനത്തെ മുഴുവൻ ബിവറേജ് ഔട്ട്‌ലെറ്റുകളും എന്നത്തേക്ക് അടച്ചുപൂട്ടാൻ കഴിയുമെന്ന് വിശദമാക്കാമോ ?

ഉത്തരം

2014-15 വർഷത്തെ മദ്യനയം അനുസരിച്ച് ഓരോ വർഷവും 10% വീതം എഫ്.എൽ-1 ഷോപ്പുകൾ അടച്ചുപൂട്ടാനാണ് ഉത്തരവായിട്ടുള്ളത്. അതനുസരിച്ച് അടുത്ത പത്ത് വർഷംകൊണ്ട് സംസ്ഥാനത്തെ മുഴുവൻ എഫ്.എൽ-1 ഷോപ്പുകളും അടച്ചുപൂട്ടാൻ കഴിയും.

ബിവറേജസ് കോർപ്പറേഷന്റെ ജീവകാരുണ്യ പ്രവർത്തനങ്ങൾ

117 (3749) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷൻ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇതിന്റെ ഭാഗമായി സർക്കാർ/സ്വകാര്യ ആശുപത്രികൾ കേന്ദ്രീകരിച്ച് ഡീ-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ ;

(ഡി) ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് പ്രത്യേകസംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങളെന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly